(ഇ) പ്രസ്തുത സ്കീമിന്റെ പണി എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട് .

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയാണ്. പ്രസ്തുത സ്കീമിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഇ) സ്വീകരിച്ചുവരുന്നു.

തോട്ടട സെൻസസ് ടൗൺ വാട്ടർ സപ്ലൈ സ്കീം

31 (861) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തോട്ടട സെൻസസ് ടൗൺ വാട്ടർ സപ്ലൈ സ്കീമിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്കീമിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ട തുക ഏത് ഏജൻസിയിൽ നിന്നാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിശോധനയിലാണ്.

(സി) ഇല്ല.

(ഡി) ആവശ്യമായ പരിശോധനയ്ക്കുശേഷം ഭരണാനുമതി നൽകുന്നതാണ്.

(ഇ) സെൻസസ് ടൗണുകളിൽ ശുദ്ധജലമെത്തിക്കുക എന്നത്. 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഇനമാണ്. ഇതിനുള്ള ഫണ്ട് തീർത്തും അപര്യാപ്തമാണ്. അതിനാൽ പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ യഥാസമയം തീർക്കാൻ വൈഷമ്യം നേരിടുന്നു. ബോണ്ടുകൾ പുറപ്പെടുവിച്ചും, ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ലോണെടുത്തും ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് മേൽ സൂചിപ്പിച്ച പരിപാടി നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്, ഇതിനുള്ള നടപടികൾ എടുത്തു വരുന്നു.

കൊല്ലാട്, മൂലേടം പ്രദേശങ്ങളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി

32(862) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി പനച്ചിക്കാട് പഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണ സ്കീമിൽ നിന്നും വെള്ളം ലഭ്യമല്ലാത്ത കൊല്ലാട്, മൂലേടം പ്രദേശങ്ങളിൽ വെള്ളം കൊടുക്കുന്നതിന് ഗസ്റ്റ് ഹൗസിനു സമീപം നടപ്പിലാക്കുവാൻ ഉദ്ദേശിച്ച സ്കീം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) എത്രയും വേഗം ഇതിന്റെ പ്രവർത്തനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നാട്ടകം ഗസ്റ്റ് ഹൗസ് ശുദ്ധജലവിതരണപദ്ധതിക്ക് 13.75 ലക്ഷം രൂപക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടത്തിൽ 8.17 ലക്ഷം രൂപ ചെലവഴിച്ച് നാട്ടകം ടാങ്കിൽ നിന്നും ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ടാങ്ക് വരെയുള്ള പമ്പിംഗ് മെയിനും, പമ്പ്സെറ്റും പ്രവർത്തനക്ഷമമാക്കി ഗസ്റ്റ് ഹൗസിലേക്കുള്ള ജലവിതരണം നടത്തി വരുന്നു. രണ്ടാം ഘട്ടത്തിൽ കൊല്ലാട്, മൂലേടം പ്രദേശങ്ങളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് 21.94 ലക്ഷം രൂപയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയിലാണ്. നടപടികൾ പൂർത്തിയാക്കി എത്രയും വേഗം പദ്ധതി നടപ്പിലാക്കുന്നതാണ്.

തിങ്കൾകാട് പ്രദേശത്തെ കുടിവെള്ള ക്ഷാമം

33(863) ശ്രീ. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ തിങ്കൾകാട് എന്ന പ്രദേശത്തെ ജനങ്ങൾ കുടിവെള്ളം ലഭിക്കാത്തതുമൂലം ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഗരങ്ങളിൽ കുടിവെള്ളത്തിനു നൽകുന്ന രീതിയിലുള്ള പ്രാധാന്യം ഗ്രാമപ്രദേശങ്ങളിലും നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇടുക്കി ജില്ലയിൽ ഏതൊക്കെ പഞ്ചായത്തിലാണ് വാട്ടർ അതോറിറ്റി ജലം വിതരണം നടത്താത്തത് ;

(ഡി) പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly